# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. **805** | 09.11.2016- ൽ മറുപടിയ്ക്ക് |

## ചരക്ക് സേവന നികുതി നിയമം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>,, മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.എൽദോ എബ്രഹാം | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ചരക്ക് സേവന നികുതി നിയമം നടപ്പാക്കുമ്പോൾ സംസ്ഥാനങ്ങൾക്ക് നികുതി നിയമനിർമ്മാണത്തിന് ജി.എസ്.ടി. കൗൺസിൽ എന്ന സംവിധാനത്തിന്റെ അനുമതി ആവശ്യമാണോ; | (എ) | ചരക്ക് സേവന നികുതി നിയമം നടപ്പാക്കുമ്പോൾ നികുതി സംബന്ധിച്ച എല്ലാ നിയമനിർമ്മാണങ്ങൾക്കും ജി.എസ്.ടി കൗൺസിലിന്റെ ശുപാർശ അനിവാര്യമാണ്. |
| (ബി) | ജി.എസ്.ടി. കൗൺസിലിന്റെ അനുമതി വേണമെന്നുള്ള വ്യവസ്ഥ സംസ്ഥാനങ്ങളുടെ അധികാരത്തിന്മേലുള്ള കടന്നു കയറ്റമാണോ; വ്യക്തമാക്കുമോ; | (ബി) | കേന്ദ്ര ധനകാര്യമന്ത്രി ചെയർമാനും റവന്യൂ സഹമന്ത്രിയും എല്ലാ സംസ്ഥാന ധന/നികുതി വകുപ്പ് മന്ത്രിമാർ അംഗങ്ങളും ആയിട്ടുള്ള സംവിധാനമാണ് ജി.എസ്.ടി കൗൺസിൽ. ഇതിന്റെ ഏതു ശുപാർശയും സന്നിഹിതരും വോട്ടു ചെയ്യുന്നവരുമായ അംഗങ്ങളുടെ ഭൂരിപക്ഷ വോട്ടുകളുടെ ബലത്തിൽ മാത്രമേ നിലനിൽക്കുകയുള്ളൂ. കേന്ദ്രത്തിന് ചെയ്യപ്പെട്ട വോട്ടിന്റെ 1/3 ബലവും എല്ലാ സംസ്ഥാനങ്ങൾക്കുമായി ചെയ്യപ്പെട്ട വോട്ടിന്റെ 2/3 ബലവും ആയി വെയിറ്റേജ് നിജപ്പെടുത്തിയിട്ടുണ്ട്. തർക്ക പരിഹാരത്തിനായി ജി.എസ്.ടി കൗൺസിൽ ഒരു സംവിധാനം നിർമ്മിച്ചെടുക്കണമെന്ന് ഭരണഘടന ഭേദഗതിയിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നിരിക്കിലും പ്രസ്തുത വ്യവസ്ഥ സംസ്ഥാനങ്ങളുടെ നികുതി |

| | | | |
|---|---|---|---|
| | | | അധികാരങ്ങളെ പരിമിതപ്പെടുത്തുന്നുണ്ട്. വാറ്റ് നടപ്പിലായതോടു കൂടി തന്നെ സംസ്ഥാനങ്ങളുടെ സ്വതന്ത്ര നികുതി അധികാരങ്ങൾ വലിയതോതിൽ ഇല്ലാതായിരുന്നു. |
| (സി) | ഫെഡറൽ സംവിധാനത്തെ ജി.എസ്.ടി. നിയമം ഏതൊക്കെ തരത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | കേന്ദ്ര സർക്കാരിനും സംസ്ഥാനങ്ങൾക്കും യഥോചിതമായ നിയമനിർമ്മാണത്തിലൂടെ പ്രത്യേകം പ്രത്യേകമായി നികുതി പിരിക്കാവുന്ന ഒരു സംവിധാനമാണ് ഇന്ത്യയിൽ നിലവിലുണ്ടായിരുന്നത്. ഭരണഘടന അനുശാസിക്കുന്ന അധികാര വിഭജനമനുസരിച്ച് ഇരു സർക്കാരുകൾക്കും വ്യക്തമായ ഉത്തരവാദിത്തങ്ങൾ നിർവഹിക്കേണ്ടിയിരിക്കുന്നു. ഇത് ഉറപ്പാക്കാൻ ഉതകുന്ന രീതിയിൽ GST നടപ്പിലാക്കുന്നു എന്ന് ഉറപ്പു വരുത്താനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്. |

സെക്ഷൻ ഓഫീസർ